Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

16.06.2026

# ജൂബിലിയിൽ ലോക രക്തദാനദിനാചരണം സംഘടിപ്പിച്ചു.

ലോക രക്തദാന ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടിയും യൂത്ത് ഡോണർ ക്ലബ്ബായ ക്ലബ്ബ് 25-ന്റെ ഉദ്ഘാടനവും നടന്നു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം മേധാവി ഡോ. രമേശ് ഭാസ്ക്കരൻ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രിന്റോ കിഴക്കേക്കണ്ണഞ്ചിറ അധ്യക്ഷത വഹിച്ചു. ന്യൂറോളജി വിഭാഗം പ്രൊഫസർ ഡോ. ഫിജു ചാക്കോ രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ പ്രഭാഷണം നടത്തി. ലബോറട്ടറി സർവ്വീസസ് ആന്റ് ബ്ലഡ് ബോങ്ക് വിഭാഗം മേധാവിയായ ഡോ. സുശീല ജെ. ഇന്ന ചടങ്ങിൽ സന്നിഹിതയായിരുന്നു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ സീനിയർ റസിഡണ്ടായ ഡോ. ആൻസി നൈനാൻ നന്ദി പറഞ്ഞു. പരിപാടിയിൽ സ്ഥിരമായി രക്തദാനം ചെയ്യുന്ന ദാതാക്കളെയും ലോക രക്തദാനദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ മത്സരത്തിലെ വിജയികളെയും ആദരിച്ചു. സുരക്ഷിതവും മതിയായതുമായ രക്ത ലഭ്യത ഉറപ്പാക്കുന്നതിൽ യുവജനങ്ങളുടെ പങ്കാളിത്വത്തിന്റേയും സ്ഥിരമായ സ്വമേധയാ രക്തദാനത്തിന്റേയും പ്രാധാന്യം പരിപാടിയിൽ ഊന്നിപ്പറഞ്ഞു. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം ഫാക്കൽറ്റി അംഗങ്ങൾ, വിദ്യാർത്ഥികൾ, ജീവനക്കാർ, രക്തദാതാക്കൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.